PAN/4597/2022-E5(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം - 695003**
directorofpanchayatsestt@gmail.com
**0471-2321054** **തീയതി : 22/10/2022**

# <u>സർക്കുലർ</u>

വിഷയം: പഞ്ചായത്ത് വകുപ്പ് -പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന്-ഉറപ്പാക്കുന്നത്- നിർദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:
1. 22.11.2021 തീയതിയിലെ ബഹു . മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.
2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പിൽ നിന്നുള്ള 14.03.2022 തീയതിയിലെ എആർ 14(1)-6/2022 ഉപഭവ നമ്പർ സർക്കുലർ.

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 22.11.2021 തീയതിയിലെ യോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സർക്കാർ 14.03.2022 തീയതിയിൽ പുറപ്പെടുവിച്ചിരിക്കുന്ന സൂചന (2) സർക്കുലർ പ്രകാരം കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വികസന പ്രവർത്തിയുടെ ഭാഗമായി പദ്ധതികൾ നടപ്പിലാക്കുന്നതിനായി അവ വിജയകരമായി പൂർത്തിയാകുന്നതുവരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത ജില്ലകളിൽ തുടരേണ്ടതുണ്ടെന്നും, അടിക്കടിയുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്നുണ്ടെന്നും , വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ ഉടനെ അവധിയിൽ പോകുന്നതാണ് കാണുന്നതെന്നും അവശ്യ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തതുമൂലം പദ്ധതികൾ നടപ്പിലാക്കാൻ വലിയ കാലതാമസം നേരിടേണ്ടി വരുന്നുവെന്നും വിലയിരുത്തുകയുണ്ടായി.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് ആ ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ കർശന നിർദേശം പുറപ്പെടുവിക്കണമെന്ന് സുചന 2 സർക്കാർ നിർദേശം ലഭ്യമായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ ഗ്രാമ പഞ്ചായത്ത് ആഫീസുകളിൽ സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി തസ്തികകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ടി ഓഫീസുകളിൽ കുറഞ്ഞത് ആറുമാസക്കാലയളവെങ്കിലും നിർബന്ധമായും സേവനമനുഷ്ഠിക്കേണ്ടതാണ്. കുറഞ്ഞത് ആറുമാസക്കാലയളവെങ്കിലും സേവനമില്ലാത്തവരെ പൊതു സ്ഥലം മാറ്റ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അല്ലാതെയുള്ള സ്ഥലം മാററത്തിന് പരിഗണിക്കുന്നതല്ല.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്-
1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറർടർ,(കാസറഗോഡ്, ഇടുക്കി, വയനാട്)
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറർടർമാർക്കും( അറിവിനായി)
3. E1, E2 സീറ്റുകൾ
4. അധികം/കരുതൽ.